STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.100/PR/SPMC/PHQ/2025 Date:12.05.2025

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് ലോകത്തിന് മാതൃക:

## ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ

കേരള പോലീസിന്റെ സ്റ്റുഡന്റ് പോലിസ് പദ്ധതി ലോകത്തിന് തന്നെ മാതൃകയാണെന്ന് ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. സ്റ്റുഡന്റ് പോലിസ് കേഡറ്റ് സംസ്ഥാനതല സഹവാസ ക്യാമ്പ് ***അസെന്റ് 2025*** തിരുവനന്തപുരത്തു ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലഹരി മരുന്നുകളുടെ ഉപയോഗവും തൻമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളും കേരളമാകെ ചർച്ചചെയ്യപ്പെടുന്ന സമയത്താണ് എസ്.പി.സി കേഡറ്റുകളെ ആന്റി ഡ്രഗ് അംബാസിഡർമാരായി പ്രഖ്യാപിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നത് എസ്.പി.സിയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. പോലിസും മറ്റ് നിയമ പരിപാലന സംവിധാനങ്ങളും മാത്രം വിചാരിച്ചാൽ ലഹരിമരുന്നുകളുടെ വിപത്തിൽ നിന്ന് സമൂഹത്തെ രക്ഷിക്കാൻ കഴിയില്ല. അതിനു യുവതലമുറയ്ക്ക് തിരിച്ചറിവുണ്ടാകണം. അത്തരത്തിലുള്ള തിരിച്ചറിവും മുൻകരുതലും യുവതലമുറയ്ക്ക് നല്കാൻ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്ക് കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

ഭീകരാക്രമണം പോലെ തന്നെ ലഹരിമരുന്നുകൾക്കും ഒരു സമൂഹത്തിന്റെ ധിക്ഷണാശക്തിയെ മുഴുവനായും തകർക്കാൻ കഴിയും. അതിനാൽ ലഹരിവസ്തുക്കളുടെ വ്യാപനത്തിനെതിരെ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. എസ്.പി.സി പദ്ധതി വിദ്യാർത്ഥികൾക്ക് നൽകുന്ന പരിശീലനവും അനുഭവസമ്പത്തും വിലപ്പെട്ടതാണെന്നും പദ്ധതി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ സർക്കാരിന്റെ എല്ലാ പിന്തുണയും ഉണ്ടാവുമെന്നും അദ്ദേഹം പറഞ്ഞു.

എസ്.പി.സി കേഡറ്റുകൾ നാടിന്റെ അഭിമാനമാണെന്നും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലന പദ്ധതിയിലൂടെ ലഭിക്കുന്ന അറിവുകൾ വിദ്യാർത്ഥികളുടെ ഭാവി ജീവിതം ശോഭനമാക്കാൻ ഉപകരിക്കുമെന്നും ചടങ്ങിൽ അധ്യക്ഷത വഹിച്ച കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ പറഞ്ഞു.

പഹൽഗാമിൽ വീരമൃത്യു വരിച്ചവർക്കു ആദരമർപ്പിച്ചു ആരംഭിച്ച ചടങ്ങിൽ സർവോദയ സ്കൂൾ ബർസർ ഫാദർ  കോശി ചിറകരോട്ടു, സ്കൂൾ പ്രിൻസിപ്പൽ ഫാദർ ജോൺ കക്കാലയ്ക്കൽ എന്നിവർ സംബന്ധിച്ചു. പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി  എസ് ശ്രീജിത്ത് സ്വാഗതവും തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജിയും എസ്.പി.സി നോഡൽ ഓഫീസറുമായ എസ് അജിത ബീഗം നന്ദിയും പറഞ്ഞു.

******************************